MATHRUBHUMI 07-11-2025

# മീനിന്റെ ചെവിക്കല്ല് കാതിൽ ലോലാക്ക്



മത്സ്യക്കല്ലുകൊണ്ട് നിർമിച്ച ബ്രേസ്‌ലെറ്റ്



സിഎംഎഫ്ആർഐയിൽ നടന്ന മീകോസ് 2025 മേളയിലെ ആഭരണ സ്റ്റാൾ

കൊച്ചി ▸ മത്സ്യക്കല്ലുവെച്ച ആഭരണങ്ങൾ തിളങ്ങുമ്പോൾ ഒരുകൂട്ടം വനിതകളുടെ സംരംഭത്തിനാണ് സാഫല്യമാകുന്നത്. ഈ രംഗത്ത് ഒരു വർഷം പിന്നിട്ട മഹിളാസൗഹൃദം എന്ന സംഘത്തിന് നേതൃത്വം കൊടുക്കുന്നത് വിഴിഞ്ഞത്തെ ഫാത്തിമ ബീവി എന്ന വീട്ടമ്മയാണ്. ഒപ്പം 16 യുവതികളുണ്ട്. വിഴിഞ്ഞത്തെ ക്രാഫ്റ്റ് വില്ലേജിൽ ഇന്ന് ഈ ആഭരണങ്ങൾ വിദേശികളടക്കം വാങ്ങുന്നു. കൊച്ചി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്ന മീകോസ് ആഗോള സിമ്പോസിയത്തോടനുബന്ധിച്ചുള്ള മേളയിലും ഈ ആഭരണങ്ങൾ ശ്രദ്ധാകേന്ദ്രമായി.മീനുകളുടെ ചെവിക്കല്ലുകൊണ്ട് ആഭരണമുണ്ടാക്കുന്നതിനുള്ള സാധ്യത രാജ്യത്ത് ആദ്യമായി പരീക്ഷിച്ചത് കൊച്ചിയിലെ സിഎംഎഫ്ആർഐ ആണ്.

മീനുകളിലെടുത്ത ചെവിക്കല്ലാണ് വൈറ്റ് മെറ്റലിലും മറ്റും നിർമിക്കുന്ന കമ്മൽ, മോതിരം, ലോക്കറ്റ് തുടങ്ങിയവയിൽ പിടിപ്പിക്കുന്നത്. മത്സ്യത്തിന്റെ ഭക്ഷ്യയോഗ്യമല്ലാത്ത ഭാഗങ്ങൾ മൂല്യവർധിത ഉത്പന്നങ്ങളാക്കുന്നതിലൂടെ വനിതകൾക്ക് വരുമാനത്തിന് വഴിതുറന്നുവെന്ന് ഇതിന് നേതൃത്വം കൊടുത്ത സിഎംഎഫ്ആർഐയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഇ.എം. അബ്ദുൾസമദ് പറഞ്ഞു. കണ്ടാൽ വെള്ളാരംകല്ലുപോലെയുള്ള ചെവിക്കല്ല് ഉപയോഗിച്ച് ആഭരണങ്ങൾ നിർമിക്കുന്നതിനുള്ള പരിശീലനം സിഎംഎഫ്ആർഐയിലെ ഡോ. എസ്. സൂര്യയുടെ നേതൃത്വത്തിലാണ് നൽകിയത്. കടലിലെ അത്യാഹിതങ്ങൾ ഒഴിവാക്കാനും ശുഭാപ്തി വിശ്വാസമേകാനും പ്രാചീന ഈജിപ്പിൽ ഇത്തരം ആഭരണങ്ങൾ അണിയുന്നത് പതിവായിരുന്നു.